## പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ:3788

17/12/2015-ൽ മറുപടിയ്ക്ക്

## താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തൽ

| ചോദ്യം<br>ശ്രീ.കെ.ബി. ഗണേഷ് കുമാർ | മറുപടി<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
|---|---|
| (എ) വനം വകുപ്പിൽ 20 വർഷമായി താൽക്കാലീകാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ; | (എ) വനം വകുപ്പിൽ 01/09/2013-ൽ 20 വർഷത്തിലേറെക്കാലമായി തുടർച്ചയായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കി വന്നിരുന്ന 135 താൽക്കാലിക ജീവനക്കാരെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് 14/05/2015-ലെ സ.ഉ(എം.എസ്) നം. 29/2015/വനം പ്രകാരം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിൽ യോഗ്യരായ 105 പേർക്ക് സ്ഥിരം നിയമനം നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന എത്ര ജീവനക്കാർ വനം വകുപ്പിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) വനം വകുപ്പിൽ 01/09/2013-ൽ 20 വർഷത്തിലേറെക്കാലമായി തുടർച്ചയായി ദിവസവേതനത്തിൽ ജോലി ചെയ്തു വരുന്ന 99 താൽക്കാലിക ജീവനക്കാർ ഉണ്ട്. |

സെക്ഷൻ ഓഫീസർ